**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5142** **21-07-2022 - ൽ മറുപടിയ്ക്ക്**

**നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപ്പിലാക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വിജിൻ** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ നെൽകൃഷിയുടെ വിസ്തൃതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; | (എ) | സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ് പ്രസിദ്ധീകരിച്ചിട്ടുള്ള കണക്കുകൾ പ്രകാരം സംസ്ഥാനത്തെ, 2016-17മുതൽ 2021-22വരെയുള്ള വർഷങ്ങളിലെ നെൽകൃഷിയുടെ വിസ്തൃതി സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം-1** ആയി ചേർക്കുന്നു. |
| (ബി) | സംസ്ഥാനത്ത് നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കൃഷി വകുപ്പ് പ്രത്യേക പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | സംസ്ഥാനത്ത് നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കൃഷി വകുപ്പ് നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ സംബന്ധിച്ച വിവരം **അനുബന്ധം-2** ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം-1**

**സംസ്ഥാനത്തെ 2016-17 മുതൽ 2021-22 വരെയുള്ള വർഷങ്ങളിലെ നെൽകൃഷിയുടെയും വിസ്തൃതി സംബന്ധിച്ച വിവരങ്ങൾ**

| വർഷം | നെൽകൃഷി വിസ്തൃതി (ഹെക്ടർ) |
|---|---|
| 2016-17 | 171398 |
| 2017-18 | 194235 |
| 2018-19 | 202907 |
| 2019-20 | 198180 |
| 2020-21 | 205040 (എസ്റ്റിമേറ്റ്) |

**അനുബന്ധം-2**

**സംസ്ഥാനത്ത് നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കൃഷി വകുപ്പ് നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ സംബന്ധിച്ച വിവരം**

സംസ്ഥാന സർക്കാരിന്റെ **"നെൽകൃഷി വികസന പദ്ധതി"** യിൽ ഉൾപ്പെടുത്തി നെൽകൃഷിയുടെ വിസ്തൃതിയും ഉല്പാദനവും വർദ്ധിപ്പിക്കാനും സംസ്ഥാനത്ത് ഭക്ഷ്യ സ്വയംപര്യാപ്തത കൈവരിക്കാനും വേണ്ടി കൃഷി വകുപ്പ് നടപ്പിലാക്കി വരുന്ന വിവിധ ഘടക പദ്ധതികൾ:

**1) സുസ്ഥിര നെൽകൃഷി വികസന പദ്ധതി**യിൽ ഉൾപ്പെടുത്തി നെൽകൃഷിക്ക് അത്യുൽപാദനശേഷിയുള്ള നെൽ വിത്ത്, വളം, ജൈവിക കീടരോഗ നിയന്ത്രണം മുതലായവയ്ക്കായി ഒരു ഹെക്ടറിന് 5500/- രൂപ നിരക്കിൽ 2021-22 വർഷത്തിൽ 166997.04255 ഹെക്ടറിൽ പദ്ധതി നടപ്പിലാക്കുകയും ഇതിനായി 9184.83603 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു. **ഇതിനായി 2022-23 വർഷത്തിൽ 92727 ഹെക്ടറിലേക്ക് 5100 ലക്ഷം രൂപ** നീക്കി വെച്ചിട്ടുണ്ട്.

2) പൊതു ഞാറ്റടി, കർഷക യന്ത്രോപകരണങ്ങളുടെ റിപ്പയർ, തോടുകളുടെ അറ്റകുറ്റപ്പണികൾ തുടങ്ങിയ **പാടശേഖര സമിതികളുടെ പൊതുവായ ആവശ്യങ്ങൾക്കുള്ള പ്രവർത്തന ചെലവിനായി** ഹെക്ടറിന് 360 രൂപ ക്രമത്തിൽ 83333.33 ഹെക്ടർ പ്രദേശത്ത് പദ്ധതി നടപ്പിലാക്കുന്നതിനായി 2021-22 വർഷത്തിൽ 300 ലക്ഷം രൂപ വകയിരുത്തിയത് പൂർണ്ണമായി നടപ്പിലാക്കുകയും നീക്കിവച്ച തുക മുഴുവൻ ചെലവഴിക്കുകയും ചെയ്തു. ഇതിനായി **2022-23 വർഷത്തിലും 300 ലക്ഷം രൂപ** നീക്കിവച്ചിട്ടുണ്ട്.

3) നെൽകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി രൂപീകരിക്കപ്പെട്ടിട്ടുള്ള **10 നെൽകൃഷി വികസന ഏജൻസികൾക്കായി** ഹോണറേറിയം, സിറ്റിംഗ് ഫീസ്, പ്രോജക്ടധിഷ്ഠിത ധനസഹായം എന്നിവയ്ക്കായി 2021-22 വർഷത്തിൽ 25.12027 ലക്ഷം രൂപ ചെലവഴിച്ചു. കൂടാതെ, കരാർ ജീവനക്കാരുടെ വേതനം, ടെലഫോൺ ചാർജ്, ഇന്ധന ചെലവുകൾ മുതലായ ദൈനംദിന പ്രവർത്തനച്ചെലവുകൾക്കായി 22.68981 ലക്ഷം രൂപ ചെലവഴിക്കപ്പെട്ടു. നെൽകൃഷി വികസന ഏജൻസികൾക്ക് ഹോണറേറിയം, സിറ്റിംഗ് ഫീസ്, പ്രോജക്ടാധിഷ്ഠിത ധനസഹായം എന്നിവയ്ക്കായി **2022-23 വർഷത്തിലും 30 ലക്ഷം രൂപ** നീക്കി വെച്ചിട്ടുണ്ട്.

4) സംസ്ഥാനത്ത് നെൽകൃഷിയുടെ വിസ്തൃതിയിൽ വർദ്ധനവ് കൈവരിക്കുന്നതിന്റെ ഭാഗമായി 2021-22 വർഷത്തിൽ 404.04 ഹെക്ടറിൽ കരനെൽകൃഷി നടപ്പിലാക്കി; ആയതിന് 54.94955 ലക്ഷം രൂപ ആനുകൂല്യമായി വിതരണം ചെയ്തു. ഒരുപ്പൂ മാത്രം കൃഷിയിറക്കുന്ന വയലുകളിൽ ഇരുപ്പൂ കൃഷി നടപ്പിലാക്കുന്നതിന് ഹെക്ടറൊന്നിന് 10,000/- രൂപ നിരക്കിൽ ആനുകൂല്യം നൽകിക്കൊണ്ട് 496.7 ഹെക്ടറിൽ ഇരുപ്പൂ കൃഷി നടപ്പിലാക്കുകയും ആയതിന് 49.67 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു. പ്രത്യേക നെല്ലിനങ്ങളുടെ (പൊക്കാളി, ഞവര, ജീരകശാല & ഗന്ധകശാല, രക്തശാലി, ബസ്മതി) കൃഷി 499.99995 ഹെക്ടറിൽ നടപ്പിലാക്കുകയും ആയതിന് 49.99995 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു. 2022-23 വർഷത്തിൽ "നെൽകൃഷി വികസന പദ്ധതി" യിലെ ഘടക പദ്ധതിയായ **കരനെൽകൃഷി** 875 ഹെക്ടറിൽ നടപ്പിലാക്കുന്നതിനായി **119 ലക്ഷം രൂപയും,** 1415 ഹെക്ടർ **തരിശുനില കൃഷിക്ക് 566 ലക്ഷം രൂപയും,** ഒരുപ്പൂ ചെയ്യുന്ന 500 ഹെക്ടർ വയലുകൾ **ഇരുപ്പൂ ആക്കുന്നതിന് 50 ലക്ഷം രൂപയും, പ്രത്യേക നെല്ലിനങ്ങളുടെ കൃഷി** 650 ഹെക്ടറിൽ നടപ്പിലാക്കുന്നതിനായി **65 ലക്ഷം രൂപയുമാണ്** നീക്കിവെച്ചിട്ടുള്ളത്.

**5) കോൾ മേഖലയിലെ നെൽകൃഷി വികസനത്തിനായി** തൃശ്ശൂർ ജില്ലയിൽ നടപ്പാക്കിയ പ്രത്യേക പദ്ധതി ഒരുപൂ കൃഷിയിറക്കുന്ന കോൾ പടവുകളിൽ രണ്ടു പൂ നെൽകൃഷി, ഒന്നാം വിള നെൽകൃഷിക്ക് ശേഷം രണ്ടാം വിളയായി പയർ/ചോളം/എണ്ണക്കുരു വിളകൾ എന്നിവയുടെ കൃഷി, പമ്പ്സെറ്റ് ഉൾപ്പെടെയുള്ള മെഷിനറികൾ വാങ്ങി സ്ഥാപിക്കൽ, ബണ്ടുകളുടെയും സ്ലൂയിസുകളുടെയും അറ്റകുറ്റപ്പണി, ട്രാൻസ്ഫോർമർ സ്ഥാപിക്കൽ എന്നിവയ്ക്കായി 2021-22 വർഷത്തിൽ 24.18147 ലക്ഷം രൂപ ചെലവഴിച്ചു. ഇതിനായി **2022-23 വർഷത്തിൽ 275 ലക്ഷം രൂപ** നീക്കിവച്ചിട്ടുണ്ട്.

6) നെൽവയലുകൾ തരം മാറ്റുന്നത് വ്യാപകമായ സാഹചര്യത്തിൽ ആയത് നിരുത്സാഹപ്പെടുത്തുന്നതിനും വയലുകൾ നിലനിർത്തുന്നതിനും നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമായി **നെൽവയലുകളുടെ ഉടമസ്ഥർക്ക്** ഹെക്ടറിന് 2000/- രൂപ നിരക്കിൽ 18519.86 ഹെക്ടറിലേക്ക് **റോയൽറ്റിയായി** 370.3972 ലക്ഷം രൂപ വിതരണം ചെയ്തു. 2022-23 വർഷത്തിൽ റോയൽറ്റി **3000/- രൂപ നിരക്കിൽ** 30000 ഹെക്ടറിലേക്ക് **900 ലക്ഷം രൂപ** നീക്കിവച്ചിട്ടുണ്ട്.

7) 2021-22 വർഷത്തിൽ നെൽകൃഷിക്കാവശ്യമായ ഗുണമേന്മയുള്ള നെൽവിത്ത് ഉത്പാദിപ്പിച്ച് കർഷകർക്ക് ലഭ്യമാക്കുന്നതിന് **രജിസ്റ്റേർഡ് വിത്തുത്പാദക പദ്ധതി** 1127.63 ഹെക്ടർ സ്ഥലത്ത് നടപ്പിലാക്കി. കെ.എസ്.എസ്.ഡി.എ യിൽ ഓൺലൈൻ സംവിധാനം വികസിപ്പിക്കുന്നതിനുള്ള തുക 122 ലക്ഷം അനുവദിക്കുകയും ആയതിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനായി **2022-23 വർഷത്തിൽ 125 ലക്ഷം രൂപ** നീക്കിവച്ചിട്ടുണ്ട്.

8) 2021-22 വർഷത്തിൽ സംസ്ഥാനത്തെ പരമ്പരാഗത നെൽകൃഷി മേഖലകളായ കരി, പൊക്കാളി, കയ്പാട് എന്നീ പ്രദേശങ്ങളുടെ സമഗ്രമായ വികസനം ലക്ഷ്യമാക്കിക്കൊണ്ട് കരി മേഖലയിൽ 29.17677 ലക്ഷം രൂപയുടെ പ്രവർത്തനങ്ങളും പൊക്കാളി മേഖലയിൽ 16.80857 ലക്ഷം രൂപയുടെ പ്രവർത്തനങ്ങളും കയ്പാട് മേഖലയിൽ 38.17311 ലക്ഷം രൂപയുടെ പ്രവർത്തനങ്ങളും ചേർത്ത് ആകെ 84.15845 ലക്ഷം രൂപ ചെലവഴിച്ചു. പ്രകൃതിക്ഷോഭത്തിന്റെ പശ്ചാത്തലത്തിൽ പാടശേഖരങ്ങളോടനുബന്ധിച്ച അടിയന്തിര പ്രവർത്തികൾ നടപ്പിലാക്കുന്നതിന് 4.48407 ലക്ഷം രൂപ പത്തനംതിട്ട ജില്ലയിൽ ചെലവഴിച്ചു.

ഭക്ഷ്യവിളകളുടെ വിസ്തൃതി, ഉൽപ്പാദനം, ഉൽപ്പാദന ക്ഷമത എന്നിവ വർദ്ധിപ്പിച്ച് ഭക്ഷ്യ സുരക്ഷാ കൈവരിക്കുക എന്ന ലക്ഷ്യത്തോടെ 2020-ൽ ആരംഭിച്ച പ്രത്യേക പദ്ധതിയാണ് **'സുഭിക്ഷകേരളം'** പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി 2021-22 വർഷത്തിൽ 4,431 ഹെക്ടറിൽ തരിശ് നെൽകൃഷി നടപ്പിലാക്കി.

**മണ്ണിന്റെയും വേരിന്റെയും ആരോഗ്യ പരിപാലന പദ്ധതിയിൽ** (Soil and Root Health Management) ഉൾപ്പെടുത്തി കുമ്മായത്തിന് 5,400/- രൂപയും നൽകുന്നു. 2021-22 ൽ 54732.839 ഹെക്ടറിൽ കുമ്മായം വിതരണം ചെയ്യുന്നതിന് ആകെ 2963.874 ലക്ഷം രൂപ വിനിയോഗിച്ചിരുന്നു. **2022-23 വർഷത്തിൽ 39259 ഹെക്ടർ നെൽകൃഷിക്കുള്ള കുമ്മായത്തിന് 2130 ലക്ഷം രൂപ** നീക്കിവച്ചിട്ടുണ്ട്.

നോൺ പ്ലാൻ (പദ്ധതിയേതരം) ഇനത്തിൽ ഉൾപ്പെടുത്തി **നെല്ലിന്റെ ഉത്പാദന ബോണസായി** ഓരോ സീസണിലെ നെൽക്കൃഷിക്കും ഹെക്ടറിന് 1000 രൂപ നൽകുന്നു. 2021-22 വർഷത്തിൽ ഗ്രാമപഞ്ചായത്തുകൾക്കായി 727.96396 ലക്ഷം രൂപയും മുനിസിപ്പാലിറ്റികൾക്കായി 24.19808 ലക്ഷം രൂപയും കോർപ്പറേഷനുകൾക്കായി 0.275 ലക്ഷം രൂപയും വിതരണം ചെയ്തു. **2022-23 വർഷത്തിൽ ഗ്രാമപഞ്ചായത്തുകൾക്കായി 1324 ലക്ഷം രൂപയും മുനിസിപ്പാലിറ്റികൾക്കായി 44 ലക്ഷം രൂപയും കോർപ്പറേഷനുകൾക്കായി 0.50 ലക്ഷം രൂപയും** വകയിരുത്തിയിട്ടുണ്ട്.

നെൽകൃഷിക്ക് ഭൂപരിധിയില്ലാതെയും മറ്റ് വിളകൾക്ക് രണ്ട് ഹെക്ടർ വരെയും **ജലസേചനത്തിന് വൈദ്യുതി സൗജന്യമായി അനുവദിച്ച** വരുന്നുണ്ട്.